# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2870 06.11.2019-ലെ മറുപടി**

**വള്ളിക്കുന്ന് മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളെ സംബന്ധിച്ച് വിശദമാക്കാമോ; | ബി) & സി) | മുന്നിയൂർ, തേഞ്ഞിപ്പാലം, ചേലേമ്പ്ര പെരുവള്ളൂർ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി നിലവിൽ ഉണ്ട്. പരപ്പനങ്ങാടി വള്ളിക്കുന്ന് പദ്ധതിയിൽ നിന്നും വള്ളിക്കുന്ന് പഞ്ചായത്തിന്റെ ഉദ്ദേശം 50% പ്രദേശങ്ങളിൽ ഭാഗികമായി ജലവിതരണം നടത്തിവരുന്നു. നിലവിലെ പദ്ധതികൾ അപര്യാപ്തമാകയാൽ ഈ മണ്ഡലത്തിലെ മുന്നിയൂർ, തേഞ്ഞിപ്പാലം ,ചേലേമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കുള്ള പദ്ധതി വിപുലീകരിച്ചു .ഇതിൽ വള്ളിക്കുന്ന് പഞ്ചായത്തുകൂടി ഉൾപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ഇതിന്റെ ജലസംഭരണിക്ക് ആവശ്യമായ സ്ഥലം ലഭിക്കേണ്ടതുണ്ട്.<br>ഈ മണ്ഡലത്തിൽ ഉൾപ്പെട്ട പള്ളിക്കൽ പഞ്ചായത്ത് ചീക്കോട് പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്താണ്. ഈ പഞ്ചായത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 1570 ലക്ഷം രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |
| സി) | കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ? | | |

Renuka Sankar

സെക്ഷൻ ഓഫീസർ